"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - 02.12.2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ ഗവ. ആയുർവേദ ആശുപത്രിയിൽ തെറാപിസ്റ്റിനെ നിയമിക്കുകയും വേതനം നൽകുകയും ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകിയും 2021-22 ലേക്ക് തയ്യാറാക്കിയ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.59/2022/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ലെ 4.25 നം. തീരുമാനം

**<u>ഉത്തരവ്</u>**

ചേലേമ്പ്ര ഗവ. ആയുർവേദ ആശുപത്രിയിൽ രണ്ട് തെറാപിസ്റ്റിനെ അനുവദിച്ചു കിട്ടുന്നതിന് ഭരണസമിതി ശ്രമിക്കുകയും ദിവസവേതനാടിസ്ഥാനത്തിൽ തെറാപിസ്റ്റിനെ നിയമിക്കാൻ നിർബന്ധിതമാവുകയും മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ഏറ്റെടുക്കുകയും ചെയ്തു. സാമ്പത്തിക വർഷം തീരാൻ രണ്ട് മാസം മാത്രം അവശേഷിക്കുന്നതിനാൽ 2 മാസങ്ങളിലേക്ക് എന്ന രീതിയിലാണ് 25.01.2020 ന് ഇൻറർവ്യൂ നടത്തി തെറാപിസ്റ്റിനെ നിയമിച്ചത്. എന്നാൽ രോഗികളുടെ ആധിക്യം മൂലം 2020-21 വർഷവും മേൽ പദ്ധതി തുടരാൻ പഞ്ചായത്ത് നിർബന്ധിതമാവുകയും പദ്ധതി ഏറ്റെടുക്കുകയുമാണ് ഉണ്ടായത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തിയ്യതി 14/02/2018 അനുസരിച്ച് ആയുർവേദ തെറാപിസ്റ്റിന് വേതനം നൽകാൻ പ്രൊജക്ട് വഴി തുക ചെലവഴിക്കുന്നതിന് അനുമതി നല്കിയിട്ടില്ല എന്നും ആയതിനാൽ ഇതിനു വിരുദ്ധമായി പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതി ഏറ്റെടുക്കാനുണ്ടായ സാഹചര്യം വിശദീകരിച്ചും ഓഡിറ്റ് ന്യൂനത പരിഹരിക്കുന്നതിനും തുടർന്നും തെറാപിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനും ഉതകുന്ന വിധത്തിൽ സർക്കാർ തീരുമാനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മെഡിക്കൽ ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ആയത് പരിഗണിച്ച് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഭരണസമിതി തീരുമാനിക്കുകയും ആയതിനാൽ ജനക്ഷേമ ചിന്താഗതിയോടെ നടപ്പിലാക്കിയ ടി പദ്ധതിയുടെ നടപടിക്രമങ്ങൾക്ക് സാധൂകരണം നല്കി അംഗീകാരം ലഭ്യമാക്കുന്നതിനും തുടർന്നും ഫാർമസിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് ഉതകുന്ന വിധത്തിൽ സർക്കാർ തീരുമാനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 09.09.2021 ലെ തീരുമാനം നമ്പർ:

2/2(1) പ്രകാരം തീരുമാനിച്ചു. ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ലെ യോഗം പരിഗണിക്കുകയും പരാമർശം പ്രകാരം സാധൂകരണം നൽകുവാനും 2021-22 ലേക്ക് തയ്യാറാക്കിയ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുവാനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട് വിശദാംശം താഴെ പറയും പ്രകാരമാണ്

| ക്രമ നം. | വർഷം | പ്രോ.നം | പേര് | അടങ്കൽ തുക |
|---|---|---|---|---|
| 1 | 2019-20 | 323/20 | ആയുർവേദ ആശുപത്രിയിലെ തെറാപ്പിസ്റ്റിന് വേതനം | 39,960/- രൂപ (തനത് ഫണ്ട്) |
| 2 | 2020-21 | 9/21 | ആയുർവേദ ആശുപത്രിയിലെ തെറാപ്പിസ്റ്റിന് വേതനം | 2,39,760/- രൂപ (തനത് ഫണ്ട്) |
| 3 | 2020-21 | 366/21 | ആയുർവേദ ആശുപത്രിയിലെ തെറാപ്പിസ്റ്റിന് വേതനം (സ്പിൽ ഓവർ) | 39,960/- രൂപ (തനത് ഫണ്ട്) |
| 4 | 2021-22 | 35/22 | ആയുർവേദ ആശുപത്രിയിലെ തെറാപ്പിസ്റ്റിന് വേതനം | 2,50,000/- രൂപ (തനത് ഫണ്ട്) |

മേൽ സാഹചര്യങ്ങളിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ ഗവ. ആയുർവേദ ആശുപത്രിയിൽ തെറാപിസ്റ്റിനെ നിയമിക്കുകയും വേതനം നൽകുകയും ചെയ്ത നടപടി വകുപ്പുതല പരിശോധനക്കുശേഷം നൽകിയ വിഷയമായതിനാലും തനതു ഫണ്ടായതിനാലും സാധൂകരണം നൽകി ഉത്തരവ പുറപ്പെടുവിക്കുന്നു. 2021-22 ലേക്ക് തയ്യാറാക്കിയ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകിയും ഉത്തരവ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്),കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ